www.knanayaregion.us/knanayamedia.htm

www.knanayamedia.blogspot.com

# KNANAYA Media

Publication of the Knanaya Catholic Region
Volume 1, Issue 9 February 16, 2012

## ക്നാനായക്കാരും ലത്തീൻ ആരാധനക്രമവും



# നുണ പറഞ്ഞ് പരത്തുന്നവർ

പലതവണ പറഞ്ഞ് പെരും നുണ സത്യമാക്കാനും ഇത്തിരി അറിവ് വലിയ അറിവായി നടിച്ച് കേമനാകാനും മൽസരിക്കുന്ന ക്നാനായക്കാരുടെ നെട്ടോട്ടമാണ് അമേരിക്കയിലുടനീളം കാണുന്നത്. ഇതിന്റെ പരിണിതഫലമാണ് തെറ്റായ വിശ്വാസങ്ങൾ ശരിയാണെന്ന് വിശ്വസിക്കുന്ന ഒരുപറ്റം ക്നാനയക്കാർ.

ക്നാനായക്കാർ ലത്തീൻ പള്ളികളിൽ പോകുന്നതും കൂദാശകൾ സ്വീകരിക്കുന്നതും ശരിയാണെന്ന് പറയുന്നവരും പ്രചരിപ്പിക്കുന്നവരും ബഹുഭൂരിപക്ഷം വരുന്ന സാധാരണ ക്നാനായക്കാരെ പറഞ്ഞ് പറ്റിക്കുകയാണ്. ഈ പറ്റിക്കൽ, സംഘടിതമായി ചെയ്യുമ്പോൾ ഈ പാവം മനുഷ്യർ തെറ്റേത് ശരിയേത് എന്ന മാനസികാവസ്ഥയിലാകും. മനഃപുർവ്വം ഉണ്ടാക്കുന്ന ഇത്തരം സന്ദർഭങ്ങളിലൂടെ നഷ്ടപ്പെടുന്നത്, സാധാരണ ക്നാനായക്കാരന് പള്ളികളിലൂടെയും സഭയിലൂടെയും കിട്ടേണ്ട നേട്ടങ്ങളാണ്. പറഞ്ഞ് പറ്റിക്കുന്ന മിടുക്കന്മാർ പീന്നീട് കാര്യം കാണും: ആരും അറിയാതെ. ചരിത്രം അതാണ് നമുക്ക് കാട്ടിത്തരുന്നത്. പേരുണ്ടാക്കാനും ഫോട്ടോവരാനും അവർ പലതും ചെയ്യും. മറ്റുള്ളവരാകട്ടെ, അവസാനം ഇളീഭ്യരായി മടങ്ങിവരും.

ഇത് ഇനിയെങ്കിലും തിരിച്ചറിയാനും മണ്ടത്തരങ്ങൾ കാട്ടാതിരിക്കാനുമാണ് ക്നാനായ മീഡിയ ഈ ലക്കത്തിൽ ലത്തീൻ പള്ളികളും ക്നാനായക്കാരും എന്ന വിഷയത്തെക്കുറിച്ച് ആമുഖലേഖനം കൊടുക്കുന്നത്. ഇക്കുറി, വാരഫലവും ഈ വിഷയം തന്നെ ചർച്ചചെയ്യുന്നു.

വളരെ പ്രധാനപ്പെട്ട ഈ വിഷയം കൂടുതൽ മനസിലാക്കാനും നമ്മുടെ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടാനുമാണ് മറ്റ് ലേഖനങ്ങൾ ഈ ലക്കത്തിൽ പ്രസിദ്ധീകരിക്കാത്തത്.

ബിജോ കാരക്കാട്
എഡിറ്റർ

**KNANAYA MEDIA**

MANAGING EDITOR: Fr. Abraham Mutholath
EDITIOR IN CHIEF: Bijo Karakattu
COORDINATOR: Saju Kannampally
knanayamedia@gmail.com
Visit us: www.knanayamedia.blogspot.com, www.knanayaregion.us
Other links: www.knanayavoice.com

EDITORIAL, ADVERTAISMENT AND MARKETING

Joyson Pazayampally
Lince Thannichuvattil
Saji Poothurkayil
Anil Mattathikunnel

Vol. 1, No. 9 Knnaya Media e-newsletter is published by Knanaya Region on every Thursdays. All articles sent to Knanya Media will be treated as unconditionally assigned for publication, copyright pruposes and are subject to Knanaya Media's unrestricted right to edit and comment.

Contact
Editorial: Fax: 210-858-6042
E-mail: knanayamedia@gmail.com
bijok2000@gmail.com

# ഹ്യൂസ്റ്റൺ പള്ളിക്ക് പുതിയ നേതൃത്വം




ഹ്യൂസ്റ്റൺ: സെൻറ്മേരീസ് ക്നാനായ കാത്തലിക്ക് പള്ളിയുടെ 2012ലേക്കുള്ള വിവിധ ഭരണസമതികൾ രൂപികരിച്ചു.വികാരി ഫാ.ജോസ് ഇല്ലിക്കുന്നുംപുറത്തിൻെറ അധ്യക്ഷ്യയിൽ ചേർന്ന പൊതുയോഗത്തിലാണ് പുതിയ ഭരണസമതിയെ തെരഞ്ഞെടുത്തത്. സൈമൺഎള്ളങ്കിയിൽ,ടോമി തേക്കുനിൽക്കുന്നതിൽ,ജോയി കളപ്പുരതട്ടേൽ,ഡാനി വെണ്ണലശേരി --ട്രസ്റ്റിമാർ,സ്റ്റീഫൻ എടാട്ടുകുന്നേൽട്രഷറർ, ജോൺ ചേതലിൽ,മനു ചേതലിൽ-ബിൽഡിംഗ് ഫണ്ട്,ജോസ് പുളിക്കതൊട്ടിയിൽ,സുമൻ മറുതാച്ചിക്കൽ-ഓഡിറ്റേഴ്സ്.കൂടാതെ പാരീഷ് കൗൺസിൽ അംഗങ്ങൾ, ഫണ്ട്റെയിസിംഗ് കമ്മിറ്റി,വിമൻസ് മിനിസ്ട്രി എന്നിവയിലേക്കും അംഗങ്ങളെ തെരഞ്ഞടുത്തു.

## 2002-ലെ മീറ്റീഗിനു ശേഷം എന്തുണ്ടായി?

2002-ൽ കെ. സി.സി. എൻ. എ. നേതൃത്വവും വൈദികരും ചേർന്ന് അങ്ങാടിയാത്ത് പിതാവിനെ കണ്ടതിനുശേഷം എന്തുണ്ടായി?

ആരൊക്കെയാണ് അന്നുണ്ടായിരുന്നത്?

അടുത്ത ലക്കത്തിൽ




Jaibu Mathew, E.A.
ENROLLED TO PRACTICE BEFORE IRS

7215 W. Touhy, Suite 5,
Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing *
* Refund in 24 Hours *

Gasoline distribution throughout Midwest
Your KNANAYA Gasoline Jobber
Gas Depot Oil Co.
IL 60053
847-581-0303 (Off)
847-581-0309 (Fax)
www.gasdepot.com

# അഭിവന്ദ്യ ദിയസ്കോറോസ് ഒറ്റത്തൈക്കൽ മെത്രാപ്പോലീത്തയുടെ ഓർമ്മാചരണം ശനിയാഴ്ച



ചിക്കാഗോ: ചിക്കാഗോ സെൻറ് മേരീസ് ക്നാനായ കാത്തലിക് ദൈവാലയത്തിൽ ഫെബ്രുവരി 18 ശനിയാഴ്ച വൈകുന്നേരം 6.30ന് ദിവംഗതനായ അഭിവന്ദ്യ തോമസ് മാർ ദിയസ് കോറോസ് ഒറ്റത്തൈക്കൽ മെത്രാപ്പോലീത്തയുടെ 69–ആം ഓർമ്മാചരണം ശനിയാഴ്ച വൈകിട്ട് 6.30 ന് നടത്തും. അമേരിക്കയിലെ സീറോ മലങ്കര രൂപതാദ്ധ്യക്ഷൻ ബിഷപ്പ് തോമസ് മാർ എവുസേബിയൂസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വം വഹിക്കുമെന്ന് ഫാ. എബ്രഹാം മുത്തോലത്ത് അറിയിച്ചു. ഫാ. മാത്യു പെരുമ്പള്ളിക്കുന്നേൽ, ഫാ. സജി പിണർക്കയിൽ എന്നിവർ സഹകാർമ്മികരായിരിക്കും.
ക്നാനായ യാക്കോബായ സഭയുടെ ദ്വിതീയ മെത്രാപ്പോലീത്തയായി പതിമൂന്നുവർഷം സേവനം ചെയ്ത അഭിവന്ദ്യ മെത്രാപ്പോലീത്ത 1939 നവംബർ 12–ന് മലങ്കര കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. 1989 ജനുവരി 4–ന് തേവർ പാലടി കുരുവിളയുടെയും ഒറ്റത്തൈക്കൽ നൈയിത്തിയമ്മയുടേയും ദ്വിതീയ മകനായി ജനിച്ച് പതിമൂന്നാമത്തെ വയസ്സിൽ പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് കൊച്ചുതിരുമേനിയിൽനിന്നും ശെമ്മാശപട്ടവും, ഇടവഴിക്കൽ മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽനിന്ന് കശീശാപട്ടം സ്വീകരിക്കുകയും, 1926 ജറുസലേമിൽ വച്ച് അന്തിയോക്കിയാ പാത്രിയക്കീസിൽനിന്നും മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. 1943 ഫെബ്രുവരി 21–ന് ദൈവതിരുസന്നിധിയിലേക്ക് യാത്രയായ അഭിവന്ദ്യ തിരുമേനിയുടെ ഭൗതികശരീരം പുനരൈക്യത്തിൻെറ പിള്ളത്തൊട്ടിലായ തിരുവല്ല തിരുമൂലപുരം സെൻറ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയുടെ മത്ബഹായോടു ചേർന്നുള്ള കബറിടത്തിലാണ് അടക്കം ചെയ്തിട്ടുള്ളത്. അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ പ്രാർത്ഥനയിലൂടെയും മാതൃകാ ജീവിതത്തിലൂടെയും അനേകരെ കത്തോലിക്കാ വിശ ്വാസത്തിലേക്ക് ആകർഷിച്ച പുണ്യശ്ലോകൻെറ ഓർമ്മദിവസം ആയിരങ്ങൾ ഭക്തിനിർഭരം കബറിടത്തിൽ പ്രാർത്ഥിച്ചുവരുന്നു. ഓർമ്മയാചരണത്തിന് മാതാദാസ് ഒറ്റത്തൈക്കൽ, മോളമ്മ തൊട്ടിച്ചിറ, റോയി നെടുംഞ്ചിറ എന്നിവർ നേതൃത്വം നൽകും.

Home Dream home!
To fulfill your dream call today & experience the difference
Shaji Nirappil
Cell: (630)-886-1044
Office: (630)-539-7076
Fax: (630)-833-6747
shajinrappil@hotmail.com



Avian Realty
Serving You More For Less
MLS
Specialities include residential, commercial and Gas stations in and around Chicago land area

For all your personal and business tax services



TOMY NELLAMATTAM
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell) 847-724-3247 (Fax)

# ദിവ്യാനുഭവവുമായി ഷിക്കാഗോയിൽ നൈറ്റ് വിജിൽ





### അനിൽ മറ്റത്തിക്കുന്നേൽ

ഷിക്കാഗോയിലെ ക്നാനായ ഇടവകകളുടെ ആഭിമുഖ്യത്തിൽ മാസം തോറും നടത്തിവരുന്ന നൈറ്റ്‌വിജിൽ ഷിക്കാഗോ സെൻറ് മേരീസ് ക്നാനായ ദൈവാലയത്തിൽ നടന്നു. വൈകുന്നേരം ആറ് മണിക്ക് ദിവ്യ ബാലിയോടെ ആരംഭിച്ച പ്രാർഥനായജ്ഞം രാത്രി ഒരു മണിക്കണ് അവസാനിച്ചത്. ഫാ. സജി പിണർക്കയിൽ ആരാധനക്കും രോഗശാന്തി ശുശ്രൂഷയ്ക്കും നേതൃത്വം നൽകി.കുട്ടികൾക്കും യുവ ജനങ്ങൾക്കും വേണ്ടി നടത്തിയ യൂത്ത് നൈറ്റിൽ നിരവധി യുവജനങ്ങൾ പങ്കെടുത്തു. പ്രമുഖ യുവജന ധ്യാന ഗുരുവായ മാർക്ക് നിമോ യൂത്ത് നൈറ്റിന് നേതൃത്വം നൽകി. വികാരി ഫാ.എബ്രഹാം മുത്തോലത്തിൻെറ കാർമ്മികത്വത്തിൽ അർപ്പിക്കപെട്ട ദിവ്യബലിയോടെ രാത്രി 12.30 ന് പരിപാടികൾ അവസാനിച്ചു. പ്രാർഥനാ ടീം അംഗങ്ങൾ, യൂത്ത് മിനിസ്ട്രി അംഗങ്ങൾ പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നൈറ്റ് വിജിലിനു വേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. നൈറ്റ് വിജിലിൻെറ വീഡിയോ ക്നാനായ വോയിസിൻെറ യൂട്യൂബ് ഗ്യാലറിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ആഴ്ച വട്ടം

### ചിക്കാഗോ

ഫെബ്രുവരി 17 വെള്ളിയാഴ്ച :
സീറോ മലബാർ സഭയുടെ പാരമ്പര്യം അനുസരിച്ച് മരിച്ചവർക്ക് വേണ്ടിയുള്ള പാട്ടുകുർബ്ബാനയും ഒപ്പീസും വൈകുന്നേരം ആറുമണിക്ക് ഇരു പള്ളികളിലും.

ഫെബ്രുവരി 18 ശനിയാഴ്ച .

സെൻറ് മേരീസിൽ രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞു 2 മണി വരെ അമേരിക്കൻ കാത്തലിക്ക് ബിഷപ്പ് കോൺഫ്രൻസിൻെറ നിർദ്ദേശാനുസരണം കുട്ടികളുമായി ബന്ധപെട്ട സേവനങ്ങളിൽ നിയോഗിക്കപെട്ട വോളൻറിയേഴ്സ് നിർബന്ധമായും പങ്കെടുത്തിരിക്കേണ്ട സെമിനാർ . (ഫെബ്രുവരി 25 ന് മേവുഡ് തിരുഹൃദയ ദൈവാലത്തിലും ഇതേ സെമിനാർ ഉണ്ടായിരിക്കും)

സെൻറ് മേരീസിൽ വൈകുന്നേരം ആറുമണിക്ക് അമേരിക്കയിലെ സീറോ മലങ്കര രൂപതാധ്യക്ഷൻ ബിഷപ് തോമസ് മോർ എവുസേബിയൂസ് തിരുമേനിയുടെ മുഖ്യ കാർമ്മികതത്തിൽ, ഒറ്റത്തെക്കൽ മോർ ദിയോസ്കോറസ് തിരുമേനിയുടെ അനുസ്മരണവും ദിവ്യബലിയും.

ഫെബ്രുവരി 20 തിങ്കളാഴ്ച :
സീറോ മലബാർ സഭയുടെ ആരാധനാക്രമം അനുസരിച്ചുള്ള വിഭൂതി തിരുനാൾ , ഇരു പള്ളികളിലും വൈകുന്നേരം ഏഴു മണിക്ക്.

മാർച്ച് 2 മുതൽ മാർച്ച് 4 വരെ സെൻറ് മേരീസിൽ ക്നാനായ റീജിയൻെറ ആഭിമുഖ്യത്തിൽ പ്രീ മാരിയേജ് കോഴ്സ്.

### സാൻ അൻേറാണിയോ

ഫെബ്രുവരി 17 വെള്ളിയാഴ്ച :

സീറോ മലബാർ സഭയുടെ പാരമ്പര്യം അനുസരിച്ച് മരിച്ചവർക്ക് വേണ്ടിയുള്ള പാട്ടുകുർബ്ബാനയും ഒപ്പീസും വൈകുന്നേരം 8 മണിക്ക്

ഫെബ്രുവരി 20 തിങ്കളാഴ്ച :

സീറോ മലബാർ സഭയുടെ ആരാധനാക്രമം അനുസരിച്ചുള്ള വിഭൂതി തിരുനാൾ



# ക്നാനായക്കാരും ലത്തീൻ ആരാധനക്രമവും

റവ. ഫാ. ഏബ്രഹാം മുത്തോലത്ത്

ആഗോള കത്തോലിക്കാ സഭയിൽ സമൂല പരിഷ്കാരങ്ങൾക്കു വഴിതെളിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 50 വർഷം തികയുന്ന ഈ ജൂബിലി വത്സരം വിശ്വാസാധിഷ്ഠിത വർഷമായാണ് സഭ ആചരിക്കുന്നത്. പൗരസ്ത്യ സഭകളെ സംബന്ധിച്ച അവബോധം കൂടുതലായി സഭയിൽ ഉളവാക്കുവാൻ ഈ സൂനഹദോസ് സഹായിച്ചു. പതിനാറാം നൂറ്റാണ്ടിൽ ലത്തീൻ മിഷനറിമാരുടെ ആഗമനത്തോടെ ഭാരതത്തിലെ കൽദായ സുറിയാനി ആരാധനക്രമത്തിൽ ലത്തീൻ രീതികൾ കൂട്ടിക്കലർത്തിയെങ്കിലും അതു മാറ്റി പൗരസ്ത്യ പാരമ്പര്യം പുനഃസ്ഥാപിക്കുവാൻ സീറോമലബാർ സഭയോടും പരിശുദ്ധ സിംഹാസനം ആവശ്യപ്പെടുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ അമേരിക്കയിലെ ക്നാനായക്കാരിൽ ചിലർ ലത്തീൻ റീത്തിനുവേണ്ടി വാദിക്കുന്നത് അറിവില്ലായ്മയിൽനിന്നുള്ള തെറ്റായ സമീപനമാണ്.

ക്നാനായക്കാർക്ക് അമേരിക്കയിൽ ലത്തീൻ ആരാധനാക്രമം വേണമെന്നു വാദിക്കുന്നവർക്കു ന്യായങ്ങൾ പലതുണ്ട്:

1. കേരളം വിട്ട് പലപ്രദേശങ്ങളിലും വസിച്ചുപോന്നവരും, അമേരിക്കയിൽ വന്നിട്ടു പലവർഷങ്ങളായവരും, കേരളത്തിനുവെളിയിൽ ജനിച്ച അവരുടെ മക്കളും ലത്തീൻ ആരാധനാക്രമം ശീലിച്ചുപോയി. ശരിയാണ്. ശീലം മാറ്റുവാൻ പ്രയാസവുമാണ്. എന്നാൽ ശ്രമിച്ചാൽ മാറ്റാവുന്നതേയുള്ളുവെന്ന് ഇന്നു പല പള്ളികളും ഇവിടെ തെളിയിച്ചിരിക്കുന്നു. ഷിക്കാഗോ ഉൾപ്പെടെ പല സ്ഥലങ്ങളിലും നമ്മുടെ പുതിയ തലമുറ പതിവായി സീറോമലബാർ കുർബ്ബാന ഇംഗ്ലീഷിലും മലയാളത്തിലും ശീലിച്ചതിനാൽ അവർക്കിപ്പോൾ ലത്തീൻ കുർബ്ബനയേക്കാൾ ഇഷ്ടം സീറോമലബാർ കുർബാനയാണ്.



2. ലത്തീൻ കുർബാനയ്ക്കു സീറോമലബാർ കുർബ്ബാനയെക്കാൾ ദൈർഘ്യം കുറവുണ്ട്. അതു ശരിയാണ്. വിശുദ്ധ കുർബ്ബാന ക്രിസ്തുനാഥൻ നമ്മോടും നമ്മുടെ സഹക്രൈസ്തവരോടും ചേർന്ന് പരമ പിതാവിനർപ്പിക്കുന്ന സ്നേഹയാഗമാണ്. അതൊരു കടമതീർക്കലായി കാണുന്നവർക്ക് ദൈർഘ്യം പ്രശ്നമാണ്. എന്നാൽ ദിവ്യയാഗത്തിൻെറ അർത്ഥവും ആഴവും മനസ്സിലാക്കുന്നവർക്ക് അതു പ്രശ്നമേയല്ല; മറിച്ച് ആസ്വാദ്യകരമാണ്. ഇക്കാര്യം നമ്മുടെ യുവജനങ്ങൾ തന്നെ മുതിർന്നവർ പരാതിപ്പെട്ടപ്പോൾ ആവേശത്തോടെ പങ്കുവെച്ചത് ഓർക്കുന്നു.

3. സീറോമലബാർ കുർബാനയുടെ ഇംഗ്ലീഷ് പരിഭാഷ അമേരിക്കൻ ശൈലിക്കിണങ്ങുന്ന ലളിത ഭഷയല്ലയെന്നതാണ് അടുത്താരോപണം. ആരാധനാക്രമം രൂപാന്തരപ്പെട്ടത് മൂന്നാം നൂറ്റാണ്ടിലാണ്. അതിൻെറ തനിമ നഷ്ടപ്പെടാതെ തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടു പോരുന്നു. അപ്രകാരം തുടരുവാനാണ് സഭ ആഗ്രഹിക്കുന്നത്. അതിനാൽ ഭാഷ മാറിയാലും ആരാധനാക്രമത്തിന് തനതായ ഭാഷാശൈലിയും ഈണവുമുണ്ട്. ആരാധനാക്രമത്തെക്കുറിച്ച് പഠിക്കുന്നവർ അത് ആസ്വദിക്കുന്നുമുണ്ട്. ഷിക്കാഗോയിൽ ഞായറാഴ്ചകളിലെ രണ്ടാമത്തെ കുർബാന രണ്ടു പള്ളികളിലും നല്ല രീതിയിൽ നമ്മുടെ കുട്ടികൾ ആസ്വദിച്ചാണു പങ്കെടുക്കുന്നത്. അവരോടു ചോദിച്ചുനോക്കൂ അവർക്കിപ്പോൾ ആരാധനക്രമ ഭാഷയിൽ കല്ലുകടി തോന്നുന്നുണ്ടോയെന്ന്. ഒരിക്കലുമില്ലെന്ന് അവർ ഒന്നടങ്കം പറയും. വാസ്ഥവത്തിൽ കഴിഞ്ഞ ആഗമനകാലം മുതൽ ലത്തീൻ റീത്തിലെ ഇംഗ്ലീഷ് കുർബാനയിൽ വന്ന പരിഷ്കാരം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. ക്ലാസ്സിക് ലത്തീൻ ഭാഷയിൽ നിന്ന് പദാനുപദം കൃത്യമായി തർജ്ജമ ചെയ്ത ആ കുർബാനയുടെ പരിഷരിച്ച പതിപ്പിനേക്കാൾ എത്രയോ സുന്ദരമാണ് നമ്മുടെ കുർബാനയുടെ പരിഭാഷ.

കൽദായ സഭയിൽനിന്ന് കേരളത്തിൽ കുടിയേറിയ ക്നാനായക്കാരുടെ ഏറ്റവും വലിയ പൈതൃകമാണ് സുറിയാനി ആരാധനക്രമം. അത് നിലനിർത്തേണ്ടതും സംരക്ഷിക്കേണ്ടതും നമ്മുടെ കടമയാണ്. കേരളത്തിൽനിന്ന് അമേരിക്കയിൽ കുടിയേറിയതുകൊണ്ട് ഉപേക്ഷിക്കാവുന്നതല്ല നമ്മുടെ ആരാധനക്രമം.

സീറോമലബാർ രൂപത 2001ൽ അമേരിക്കയിൽ കുടിയേറിയ സീറോമലബാറുകാർക്കുവേണ്ടി സ്ഥാപിതമാകുന്നതുവരെ നാം പ്രാദേശിക ലത്തീൻ രൂപതകളുടെ അജപാലന നിയന്ത്രണത്തിലായിരുന്നുവെങ്കിലും സഭാ നിയമപ്രകാരം അവർ നമുക്ക് സീറോമലബാർ ക്നാനായ മിഷനുകൾ അനുവദിക്കുകയും അതേ സഭയിൽനിന്നുള്ള വൈദികരെ അവയുടെ ഡയറക്ടർമാരായി നിയമിക്കുകയും ചെയ്തിരുന്നുവെന്നു സ്മരിക്കണം.

ഷിക്കാഗോ സീറോമലബാർ രൂപത ഉണ്ടായതിനു ശേഷമാണ് നമുക്കു സഭാപരമായി വളരുവാൻ കഴിയുന്നത്. എട്ടു മിഷനുകളിൽനിന്ന് 20 ആയും അവയിൽ 11 പള്ളികളായും വളർന്നുവെന്നതു കൂടാതെ നമ്മുടെ സ്നേഹ കൂട്ടായ്മയും വിശ ്വാസ പരിശീലനവും ആരാധനക്രമ സൗകര്യങ്ങളും വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.



# ക്നാനായ വാരഫലം

ബിജോ കാരക്കാട്



സാമ്പത്തിക ഉന്നതിയിലേക്കാണ് അമേരിക്കൻ കുടിയേറ്റം ക്നാനായക്കാരെ കൊണ്ടെത്തിച്ചത്. നാടും കുടുംബങ്ങളും പള്ളിയും പള്ളിക്കൂടങ്ങളും നമ്മുടെ മറ്റ് സ്ഥാപനങ്ങളും ഈ സാമ്പത്തിക ഉയർച്ചയുടെ ഗുണഭോക്താക്കളായി. എന്നാൽ സഭാപരമായും സാമുദായിക പരമായും നമുക്ക് ലഭിച്ചത് ആശയക്കുഴപ്പങ്ങളും ഇടർച്ചയുമാണെന്ന് ഇക്കഴിഞ്ഞ 20 വർഷത്തെ അമേരിക്കൻ ക്നാനായ ചരിത്രം സാക്ഷിക്കുന്നു.

ലാറ്റിൻ പള്ളിയിൽ അംഗമായി കൂദാശകൾ സ്വീകരിക്കുന്നത് ശരിയാണോ?

ഉത്തരം ഇതാണ്. രാജ്യങ്ങൾക്കും സംഘടനകൾക്കും നിയമം ഉള്ളതുപോലെ തിരുസഭയ്ക്കും നിയമ സംഹിതയുണ്ട്- കാനൻ നിയമം എന്നപേരിൽ. ഈ നിയമം അനുസരിച്ച്, ക്നാനായക്കാരുടെ അംഗീകൃത റീത്ത്, സീറോ മലബാർ റീത്താണ്. സീറോ മലബാർ സഭയുടെ അധികാരം കേരളത്തിലും തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ ചില സ്ഥലങ്ങളിലും മാത്രം

അതായത്, അധികാരം ലാറ്റിൻ പള്ളിക്കാണെങ്കിലും അതാത് സ്ഥലത്തെ മെത്രാന്റെ അനുവാദത്തോടെ സീറോമലബാർ റീത്തിൽ കുർബാനയും കൂദാശകളും നടത്തുകയും സ്വീകരിക്കുകയുമാണ് വേണ്ടത്. ഇക്കാര്യത്തിൽ സഭക്ക് ശക്തമായ നിലപാടുകളാണുള്ളത്. കാനൻ നിയമം അനുസരിച്ച് ഓരോ വിശ്വാസിയും അവരവർ ജനിച്ച റീത്തുകളിൽ നിലനില്ക്കണം. ഇതനുസരിച്ചാണ് ചിക്കാഗോ സീറോ മലബാർ രൂപത രൂപീകൃതമാകുന്നതിന് മുൻപ് നമ്മുടെ ബിഷപ്പുമാർ നമ്മുടെ

## ലാറ്റിൻ പള്ളികളും ക്നാനായക്കാരും

പാരമ്പര്യത്തിൽ അടിയുറച്ച ഒരു ക്രൈസ്തവ വിശ്വാസ സമൂഹം എന്ന നിലയിൽ ഇത് അഭികാമ്യമല്ല. ഇതിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്നാണ് ക്നാനായ സമുദായവും ലാറ്റിൻ പള്ളികളും അല്ലെങ്കിൽ ലാറ്റിൻ റീത്തും. ക്നാനായക്കാരന് ലാറ്റിൻ പള്ളികളിൽ പോകാനും അംഗമാകാനും കൂദാശ സ്വീകരിക്കനും തടസങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ, ചിക്കാഗോ സീറോ മലബാർ രൂപത സ്ഥാപിതമാകുന്നതിന് മുൻപ് കൂടുതൽ പേരും രൂപത നിലവിൽ വന്നതിനുശേഷം കുറച്ച് ആളുകളും

ഒതുങ്ങുന്നതിനാൽ, ഈ സ്ഥലങ്ങളിൽ വസിക്കുന്ന ഏത് കത്തോലിക്കാ വിശ്വാസിയും മറ്റേതെങ്കിലും സ്ഥലത്തേക്കോ രാജ്യത്തേക്കോ താമസം മാറ്റുമ്പോൾ, ഭൂരിപക്ഷ റീത്തായ ലാറ്റിൻ റീത്തിലെ പള്ളിയുടെ അധികാരത്തിലാണ്. കത്തോലിക്കാ സഭ, വിശ്വാസ സംരക്ഷണത്തിന് വിശ്വാസികൾക്ക് നൽകുന്ന ഒരു താത്ക്കാലിക സംവിധാനമാണിത്. ഇത്തരത്തിൽ ഏതെങ്കിലും ലാറ്റിൻ പള്ളിയിൽ അംഗമാകുന്നതോടെ സ്വന്തം റീത്ത് ഉപേക്ഷിക്കാൻ പറ്റില്ല. സഭ അതിന് അനുവദിക്കുന്നില്ല.

വൈദികരെ ലാറ്റിൻ പള്ളികളിൽ നിയമിക്കുകയും സീറോമലബാർ ആരാധനാക്രമത്തിൽ കർമ്മങ്ങൾ നടത്താൻ അനുവദിക്കുകയും ചെയ്യത്. ഇങ്ങനെയിരിക്കെ, 1996 -ൽ സീറോ മലബാർ സഭയുടെ Pastoral care for the migrants കമ്മിറ്റി ചെയർമാനും അമേരിക്ക-കാനഡ എന്നിവിടങ്ങളിലെ Apostolic visitator-ും ആയിരുന്ന ബിഷപ് മാർ. ഗ്രിഗറി കരോട്ടെമ്പ്രേൽ സീറോമലബാർ വിശ്വാസികൾ അധിവസിക്കുന്ന അമേരിക്കയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും അവരുടെ അജപാലന ദൗത്യത്തിന് ഒരു സീറോ മലബാർ രൂപത

അനുവദിക്കണമെന്ന് വത്തിക്കാനിൽ അറിയിക്കുകയും ചെയ്തു. ന്യൂനപക്ഷ റീത്തുകളിലെ അംഗസംഖ്യ വിവിധ സ്ഥലങ്ങളിൽ കൂടുന്നതിനനുസരിച്ച് വത്തിക്കാൻ ഇത്തരം രൂപതകൾ അംഗീകരിച്ച് നൽകാറുണ്ട്. 1988-ൽ ബോംബെയിൽ കല്യാൺ രൂപത അനുവദിച്ചത് ഓർക്കുക.

കരോട്ടെമ്പ്രേൽ പിതാവിൻെറ ശക്തമായ ഇടപെടലിനുശേഷം 1998-ൽ അന്നത്തെ സീറോ



മലബാർ മേജർ ആർച്ച് ബിഷപ്പായിരുന്ന കാലം ചെയ്ത വർക്കി വിതയത്തിൽ പിതാവ് അമേരിക്കൻ സന്ദർശനത്തിനെത്തി. ഓരോ സീറോ മലബാർ വൈദികനേയും ലാറ്റിൻ പള്ളിയിൽ നിയമിക്കുന്നതിന് ഓരോ ലാറ്റിൻ രൂപതകൾക്കും അപേക്ഷിക്കുന്നതും അതിനുണ്ടാകുന്ന കാലതാമസവും ഇങ്ങനെ അനുവദിച്ച് കിട്ടുന്ന പള്ളികളിൽ പള്ളി ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തുന്ന പരിമിതികളും മനസിലാക്കി, അമേരിക്കയിൽ ഒരു രൂപത നൽകണമെന്ന് വത്തിക്കാനിൽ സമ്മർദ്ദം ചെലുത്തി.
വത്തിക്കാനും സഭാപിതാകന്മാരും ആഗ്രഹിച്ചത് കെട്ടുറപ്പുള്ള ഒരു സീറോ മലബാർ ആരാധനാ സമൂഹത്തെ വാർത്തെടുക്കാനാണ്. ഈ നീക്കത്തിനെ ഏറ്റവും കൂടുതൽ പിന്തുണച്ചത് ദീർഘ ദർശിയായ നമ്മുടെ പ്രഥമ ആർച്ച് ബിഷപ് മാർ. കുര്യാക്കോസ് കുന്നശേരിയായിരുന്നു. പിതാവ് ഇക്കാര്യത്തിനായി പൂർണ്ണ പിന്തുണ നൽകാൻ കാരണം, ക്നാനായക്കാരുടെ വിശ്വാസ സംരക്ഷണത്തിന് നമ്മുടെ വൈദികരെ നിയമിക്കുന്നതിന് അമേരിക്കയിലെ ലാറ്റിൻ ബിഷപിൻെറ അനുവാദം ആവശ്യമായിരുന്നു. "എൻഡോഗമി" യും കാനയും മറ്റ് പ്രശ്നങ്ങളും ഒരിക്കലും മനസില്ലാക്കാൻ പറ്റാത്ത ലറ്റിൻ മെത്രാന്മാർ നമ്മുടെ സമുദായത്തിൻെറ തന്നെ നിലനിൽപിന് പിന്നീട് എതിരാകും എന്ന വിശ്വാസമാണ്. നമ്മളെ മനസില്ലാക്കുന്ന ഒരു സഭാ നേതൃത്വം ഉണ്ടായാൽ നമ്മുടെ വൈദികരെ നമ്മുടെ ആളുകളുടെ ശുശ്രൂഷക്ക് നൽകാൻ സാധിക്കും എന്ന തിരിച്ചറിവാണ്. കുന്നശേരി പിതാവിൻെറ നിലപാടുകളും ഇടപെടലുകളുമാണ് 2001 -ൽ ചിക്കാഗോ സീറോ മലബാർ രൂപത രൂപീകൃതമായപ്പോൾ ക്നാനയക്കാർക്ക് ഒരു വികാരി ജനറാൾ ഉണ്ടായത്. പിതാവ് വഹിച്ച വലിയ റോളിൻെറ നിദാനമാണ് മാർ ജേക്കബ് അങ്ങാടിയാത്തിൻെറ മെത്രാഭിഷേകത്തിന് കുന്നശേരി പിതാവ് പങ്കെടുത്തത്.
പാരമ്പര്യങ്ങളിൽ അഭിമാനിക്കുന്ന നമ്മൾ മറ്റൊരുകാര്യം കൂടി ഓർക്കണം. വത്തിക്കാനും നമ്മളും ലോകം മുഴുവനും അറിയപ്പെടുന്നതും വത്തിക്കാൻ അംഗീകരിച്ചിരിക്കുന്ന 23 റീത്തുകളിൽ അംഗസംഖ്യയിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്നതുമായ സീറോ മലബാർ റീത്ത് ക്നാനായ പാരമ്പര്യമാണ്. ക്നാനായക്കാർ കത്തോലിക്കാ സഭയ്ക്ക് നൽകിയ സംഭാവനയാണ്. നമ്മുടെ പൂർവ്വികനായ കാനാ തോമായോടൊപ്പം കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ ഉറഹ മാർ യൗസേപ്പ് എന്ന മെത്രാൻ കൊണ്ടുവന്നതും ക്നാനായക്കാർ വഴി പ്രചാരത്തിലായതുമായ കൽദായ (സുറിയാനി) ആരാധനാക്രമത്തിൻെറ പരിഷ്ക്കരിച്ച പതിപ്പാണ്.

ചുരുക്കത്തിൽ സീറോമലബാർ റീത്തിൽ പിറന്നവർക്ക് മറ്റൊരു റീത്തിലേക്ക് മാറുവാൻ അനുവദിക്കുന്നില്ല. ഇനി പാരമ്പര്യമാണ് നോക്കുന്നതെങ്കിൽ ക്നാനായക്കാർ കൊണ്ടുവന്ന ഏറ്റവും വലിയ പാരമ്പര്യം സീറോ മലബാർ റീത്താണ്.

പാരമ്പര്യ വാദിയാണെങ്കിലും സഭാവിശ്വാസിയാണെങ്കിലും ലാറ്റിൻ റീത്ത് ക്നാനായക്കരന് പറഞ്ഞിട്ടില്ല.



# ചിരിക്കാനും ചിന്തിക്കാനും

ഫാ. സജി പിണർക്കയിൽ

> നാമിന്ന് വാരിക്കൂട്ടുന്നതും കൂട്ടി പിടിക്കുന്നതും
> തട്ടിപറിക്കുന്നതും
> നിനക്ക് അവകാശപ്പെട്ടതല്ലെങ്കിൽ
> നിന്നിൽ നിന്നും അത്
> എടുത്തു കൊണ്ടു പോകുവാൻ
> ആരെങ്കിലും ഉണ്ടാകും
> എന്ന് തിരിച്ചറിയുക.

ക്രിസ്തുവിൻെറ സരോപദേശത്തിൽ പ്രതിപാദിക്കുന്നതാണല്ലോ. വിധവയുടെ ചില്ലിക്കാശ്. സമ്പന്നൻ സമ്പത്തിടുമ്പോൾ വിധവയുടെ ജീവിതം കാഴ്ചയായി നല്കി. ക്രിസ്തു പറഞ്ഞു: "ഉപജീവിതത്തിനുള്ള വക മുഴുവൻ തന്നെ നിക്ഷേപിച്ച അവളാണ് ഭാഗ്യവതി". കട്ടെടുത്തിട്ട്, കവർച്ച ചെയ്തിട്ട് കർത്താവിനു കൊടുക്കുന്നതും കാര്യമായിട്ടൊന്നുമില്ലെങ്കിലും കാഴ്ചയായി കയ്യിലുള്ളത് മാത്രം കൊടുക്കുന്നതും ഏതാണ് സ്വീകാര്യം. ചിന്തിച്ചു നോക്കണം. നേരുള്ള ജീവിതം ഒരു പക്ഷെ ബുദ്ധിമുട്ട് നിറഞ്ഞതായിരിക്കും. എങ്കിൽ വിലകെട്ട പ്രവൃത്തനത്തിലൂടെ നീ വീഴിക്കുമ്പോൾ നീ തിരിച്ചറിയണം നിൻെറ അധഃപതനം ആരംഭിക്കുകയാണ്. വെട്ടി പിടിച്ചതൊക്കെ ഒരു നാൾ ആരെങ്കിലുമൊക്കെ എടുത്തു കൊണ്ടു പോകുമ്പോൾ കൈകെട്ടപ്പെട്ടവനേപ്പോലെ നീ നിൽക്കേണ്ടി വരാതിരിക്കാൻ നേരിൻെറ നേർവെളിച്ചമായി നിൻെറ ജീവിതം മാറണം.

നിൻെറ ജീവിതം നേർച്ചയുടെ ജീവിതമാകണം. നേർച്ചയെപ്പോഴും നിർമ്മലമായിരിക്കണമല്ലോ. നേർച്ചയിൽ നീരാളി കിടന്നാൽ വ്യഗ്രത പൂണ്ടാൽ, ഉദ്ദേശിക്കുന്ന ഫലമായിരിക്കില്ല നിന്നിൽ നിന്നും ലഭിക്കുക.

നിൻേറതല്ലാത്തതെന്തും, നിൻെറ ഭവനത്തിൽ ഇരിപ്പുണ്ടെങ്കിൽ, ആ വസ്തു അതിൻെറ ഉടമയെ തേടി കരഞ്ഞുകൊണ്ടിരിക്കും. അത് നിന്നിൽ അസ്വസ്ഥതകൾ സൃഷ്ടിക്കും. നീ ഏറെ ഇഷ്ടപ്പെടുന്ന ഒരു സാധനം നിനക്ക് നഷ്ടപ്പെട്ടാൽ നിൻെറ മനസ്സ് എപ്പോഴും അതിനെ ഓർത്ത് സങ്കടപ്പെടാറില്ലേ? നീ സങ്കടപ്പെടുന്നതോടൊപ്പം നഷ്ടപ്പെട്ട വസ്തുവിന് അതിൻെറ ഉടമയെ തിരികെ കിട്ടാൻ

## നേരിൻെറ ജീവിതം; നേർച്ചയാം ജീവിതം.

തന്നെയും ഒരു നാൾ പിന്തിരിഞ്ഞു നോക്കുമ്പോൾ സംതൃപ്തി തോന്നിക്കും. മറ്റുള്ളവൻെറ വിയർപ്പിൻെറ ഫലം ആസ്വദിക്കുന്നതും സ്വന്തം ആദ്ധ്വാനഫലം ഭക്ഷിക്കുന്നതും തമ്മിൽ ഒത്തിരി വിത്യാസമില്ലേ? വിയർപ്പിനെ വെളിയിൽ നിറുത്തി വെറുപ്പിനെ ആയുധമാക്കി വിശ്വസ്തതയിൽ വെള്ളം ചേർക്കുന്നതാണ് വിഷം കുത്തിവച്ച് കൊലപ്പെടുത്തുന്നതിനെക്കാൾ ഭയാനകം. വിശ്വസ്തതയോടെ കൂടെ നിൽക്കുന്നവനെ, ആര് അതെടുത്ത് കഴിക്കും? നിനക്ക് ജീവിതം തീരുമ്പോൾ നിൻെറ ദൈവം നിന്നിൽ നിന്നും ആഗ്രഹിച്ചത് 100 മേനി ഫലങ്ങളാണ്. ഈ ഫലങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ, പതിരോ, കുറവോ ഉണ്ടാകാതിരിക്കണമെങ്കിൽ കളകൾ പറിച്ചും, വളങ്ങൾ കൊടുത്തും, സ്ഥലങ്ങൾ ഒരുക്കിയും, കാവൽ ഏർപ്പെടുത്തിയും നീ കാത്തിരിക്കണം. കാവൽക്കാരൻെറ കണ്ണിൽ ഉറക്കം കയറിപ്പറ്റിയാൽ, അല്ലെങ്കിൽ പല വിധ കാര്യങ്ങളിൽ ആഗ്രഹവുമുണ്ടെന്ന് മനസ്സിലാക്കണം. നാമിന്ന് വാരിക്കൂട്ടുന്നതും, കൂട്ടി പിടിക്കുന്നതും, തട്ടിപറിക്കുന്നതും നിനക്ക് അവകാശപ്പെട്ടതല്ലെങ്കിൽ നിന്നിൽ നിന്നും അത് എടുത്തു കൊണ്ടു പോകുവാൻ ആരെങ്കിലും ഉണ്ടാകും എന്ന് തിരിച്ചറിയുക. നമുക്ക് സന്തോഷവും സമാധാനവും നിത്യമായി ലഭിക്കുന്നത് നമ്മൾ അദ്ധ്വാനിച്ച് അർഹതപ്പെട്ടത് എടുക്കുന്നതിലൂടെയാണല്ലോ?. ഒരു പക്ഷെ മറ്റുള്ളവൻെറ കവർന്നെടുത്താൽ താത്കാലിക



സുഖം ലഭിച്ചേക്കാം, അത് താത്കാലികം മാത്രം.

നേർച്ചകടം നിറവേറ്റണം. നേരുന്നതെന്തും നേരു തന്നെയാവണം. നിറവേറ്റാൻ പറ്റാത്തത് നീ നേരരുത്. (സഭാപ്രസംഗകൻ 5:4 ദൈവത്തിനു നേർച്ച നേർന്നാൽ നിറവേറ്റാൻ താമസിക്കരുത്;) നിൻെറ ദൈവം നിന്നിൽ നിന്നും ആഗ്രഹിക്കുന്നത് നിഷ്ക്കളങ്ക മനസ്സാണ്. കപടത കുടികുത്തി കാടത്തം അരങ്ങു വാഴുമ്പോൾ, മിഴി പൊത്തി കരയുന്ന ദൈവം, നിൻെറ ദൈവത്തെ നീ വേദനിപ്പിക്കരുത്. വേദനകൾ ഒത്തിരി നിനക്കു വേണ്ടി സഹിച്ചതാണ് അവിടുന്ന്. ഒരാൾ നിന്നെ വേദനിപ്പിച്ചിട്ടും, പിന്നെയും നിന്നെ കൂടെ നിറുത്തി കൂട്ടുകാരനാക്കിയിട്ടും, വീണ്ടും പഴയതുപോലെ വേദനിപ്പിച്ചാൽ ആ വേദന ആദ്യത്തേതിനേക്കാൾ കടുപ്പമേറിയതും മുറിവേറിയതുമല്ലേ. ഒരു നാൾ ഏറ്റ മുറിവ് മരുന്നു വച്ച് ഉണങ്ങിയടുത്ത് വീണ്ടും മുറിവേറ്റാൽ ഉണക്കം എളുപ്പമാവില്ലല്ലോ. മാറാത്തതെന്തും, മായാത്തതെന്തും മാറ്റാൻ, മറയ്ക്കാൻ കഴിവുള്ള ദൈവത്തിൽ നാം ആശ്രയിക്കണം.

ഒരാളെപ്പോലെ 7ആൾ ഉണ്ടെന്ന് പറഞ്ഞാലും ഒരാളുടെ സവിശേഷത മറ്റെയാൾക്കും ഉണ്ടാകും എന്ന് പറയാൻ പറ്റില്ലല്ലോ. എല്ലാവരും തന്നെപ്പോലെയാവണം എന്ന് ആഗ്രഹിക്കാം. അങ്ങനെയാവണം എന്നു നിർബന്ധമില്ലല്ലോ. എന്നാൽ തന്നെപ്പോലെയാവാത്തതിൻെറ പേരിൽ അവനെതിരെ തിരിയുന്നതും, അവനെ ആക്രമിക്കുന്നതും അനീതിയല്ലേ. അനീതി കാട്ടാത്ത ദൈവം അതിന് കൂട്ടു നിൽക്കും എന്നു വിചാരിക്കുന്നുവോ?. എങ്കിൽ തെറ്റ് തിരിച്ചറിയാം. ദൈവത്തിന് അനീതി കണ്ടു നിൽക്കുവാൻ കഴിയില്ല. ഒരു പക്ഷെ അവൻ ചാട്ടവാറെടുത്തേക്കാം. ഈ ചാട്ടവാറ്, രോഗമായും, അസ്വസ്ഥതയായും, നിരാശയായും നിന്നിൽ കടന്നു വരും. അതിനെ ശിക്ഷയായിട്ടില്ല, രക്ഷയിലേയ്ക്കു, തിരിച്ചറിവിലേയ്ക്കു വരാനുള്ള ആഹ്വാനമായിട്ട് കാണണം. ആഹ്വാനത്തെ അവഗണിച്ചാൽ അരാജകത്വം ഉടലെടുക്കും. അത് അധഃപതനത്തിൻെറ ആരംഭവുമാകും.

തെറ്റ് ചെയ്തിട്ട് ശിക്ഷയേറ്റു വാങ്ങുന്നതിനേക്കാൾ നല്ലത് തെറ്റിൽ ഉൾപ്പെടാതെ ജീവിക്കുന്നതല്ലേ. തെറ്റുകാരനെ തെറിവിളിക്കാനും, താഴ്ത്തിക്കെട്ടാനും, നീ പരിശ്രമിക്കുമ്പോൾ തന്നെ, നിൻെറ അത്രയും തെറ്റ് അവൻ ചെയ്തിട്ടില്ല എന്ന് തിരിച്ചറിയണം. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ തല കുമ്പിട്ട് നിൽക്കുന്നു. കല്ലും കളിയാക്കലുമായി കൂട്ടം. ഈശോ പറഞ്ഞില്ലേ, പാപം ചെയ്യാത്തവൻ ആദ്യം അവളെ എറിയട്ടേ എന്ന്. ആരും എറിഞ്ഞില്ല. കാരണം അവളെക്കാൾ കഠിന പാപികളാണ് അവളെ എറിയാനായി വന്നത്. മനസ്സാക്ഷി എന്ന ഒരു സാധനം മനുഷ്യനിൽ ദൈവം വച്ചിരിക്കുന്നത്, മരിച്ചവനെപ്പോലെ ജീവിക്കാനല്ല. പിന്നെയോ മനുഷ്യനെപ്പോലെ പെരുമാറാനാണ്. മനുഷ്യൻ മനുഷ്യത്വം ഉള്ളവനാണ്. മനുഷ്യത്വം മരിക്കുമ്പോൾ കല്ലേറും, കത്തിയേറും ഉണ്ടാകുന്നു. അതാണ് ഇന്നിൻെറ ലോകം. ഇവിടെ നിന്നും ഒരു തിരിച്ചു പോക്ക്. അത് നമ്മളിൽ നിന്നും ദൈവം ആഗ്രഹിക്കുന്നു. വീഴുന്നവനും, വീഴ്ത്തുന്നവനും ഓർക്കണം ഒത്തിരി വീണവൻെറ വേദനയാണ് നിൻെറ ജീവിതം എന്ന്. ആ വിലയെ നാം കുറച്ച് കാണരുത്. നേർച്ചയാവട്ടെ ജീവിതം.

**2002-ലെ മീറ്റിഗിനു ശേഷം എന്തുണ്ടായി?**

2002-ൽ കെ. സി.സി. എൻ. എ. നേതൃത്വവും വൈദികരും ചേർന്ന് അങ്ങാടിയാത്ത് പിതാവിനെ കണ്ടതിനുശേഷം എന്തുണ്ടായി? ആരൊക്കെയാണ് അന്നുണ്ടായിരുന്നത്? അടുത്ത ലക്കത്തിൽ



# അഭിവന്ദ്യ മൂലക്കാട്ട് പിതാവിൻെറ നോമ്പ് കാല പ്രബോധനം

ദൈവകൃപയാൽ കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത
മാർ മാത്യു മൂലക്കട്

തൻെറ സഹ ശുശ്രൂഷികളയ വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും ആശംസിക്കുന്നു.

ഈശോമിശിഹായിൽ വന്ദ്യ സഹോദരങ്ങളേ പ്രിയ മക്കളേ,

അനുതാപത്തിൻെറയും മാനസാന്തരത്തിൻെറ യും ആഹ്വാനവുമായി നോമ്പുകാലം നമ്മെ സമീപിക്കുന്നു. നമ്മുടെ ജീവിതത്തെ ക്രൈസ്തവ വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിനും ജീവിതത്തിലുണ്ടായിരിക്കുന്ന തെറ്റുകളെ തിരിച്ചറിഞ്ഞ് തിരുത്തുന്നതിനും അങ്ങനെ ദൈവസ്നേഹത്തിലേക്കും മനുഷ്യസ്നേഹത്തിലേക്കും വളരുന്നതിനും തിരുസഭ നമുക്ക് നൽകുന്ന ഈ അവസരം ഫലപ്രദമാക്കാൻ നമുക്ക് പരിശ്രമിക്കാം. പാപം മൂലം ദൈവത്തിൽ നിന്ന് അകന്നുപോയ മനുഷ്യർക്ക് പ്രാർത്ഥനയിലൂടെ അവിടുത്തെ സ്നേഹസാന്നിദ്ധ്യത്തിലേക്ക് തിരികെ വരുവാനും ഉപവാസത്തിലൂടെ തങ്ങളുടെ ജഡിക വാസനകളെ നിയന്ത്രിച്ച് ആത്മീയ പ്രേരണകളാൽ നയിക്കപ്പെടുന്ന ദൈവമക്കളായി മാറാനും നോമ്പുകാലം അവസരം ഒരുക്കുന്നു.

മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും ദിനരാത്രങ്ങൾ ചെലവഴിച്ച ദൈവപുത്രൻെറ അടുക്കൽ പ്രലോഭനവുമായെത്തിയ സാത്താനെ ദൈവവചനമാകുന്ന ആയുധം കൊണ്ട് പരാജയപ്പെടുത്തുന്ന ഈശോയുടെ ചിത്രം നോമ്പുകാലത്തേയ്ക്ക് പ്രവേശിക്കുന്ന നമുക്ക് നൽകപ്പെടുന്ന ഏറെ അർത്ഥപൂർണ്ണമായ സന്ദേശമാണ്. തൻേറതായ വചന വ്യാഖ്യാനവുമായി കർത്താവിനെ സമീപിക്കുന്ന പ്രലോഭകനെ ദൈവവചനത്തിൻെറ വ്യക്തമായ വ്യാഖ്യാനത്തിലൂടെ കർത്താവ് പരാജയപ്പെടുത്തുന്നു. അർത്ഥപൂർണ്ണവും ജീവദായകവുമായ ദൈവവചനത്തെ സ്വാർത്ഥ താത്പര്യങ്ങൾ മൂലവും ശരിയായ അറിവിൻേറ യും പരിശീലനത്തിൻേറയും അഭാവം മൂലവും വളച്ചൊടിച്ച് വ്യാഖ്യാനിക്കുന്നവർക്കും അവരുടെ പ്രലോഭനങ്ങൾക്ക് അറിയാതെ വശംവദരാകുന്നവർക്കും കർത്താവ് നൽകുന്ന ശക്തമായ മുന്നറിയിപ്പാണ് മരുഭൂമിയിലെ പ്രലോഭനത്തിൻെറ വിവരണം (മത്താ. 4:1-11)

"അങ്ങയുടെ വചനം എൻെറ പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമാണ്" (സങ്കീ. 119:105)
എന്ന തിരുവചനം
ഓരോ ക്രൈസ്തവൻേറയും ജീവിതാദർശമാക്കിമാറ്റാൻ നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നു. വി. പൗലോസ് അപ്പസ്തോലൻ തെസലോനിക്കയിലെ സഭക്കെഴുതിയ ഒന്നാം ലേഖനത്തിൽ വ്യക്തമാക്കുന്നതുപോലെ നമുക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവവചനം മനുഷ്യരുടെ വചനമായിട്ടല്ല, വിശ്വാസികളിൽ പ്രവർത്തന നിരതമായ യഥാർത്ഥ ദൈവവചനമായിട്ടാണ് (1 തെസ. 2:13) നാം സ്വീകരിച്ചതും സ്വീകരിക്കേണ്ടതും. വചനം മാംസം ധരിച്ച മിശിഹായുടെ ശരീരമാകുന്ന സഭയിലാണ് വചനം മനുഷ്യർക്ക് പ്രാപ്യമായ രീതിയിൽ വളർന്ന് ഫലം പുറപ്പെടുവിക്കുന്നത്. അപ്പസ്തോലന്മാരുടെയും ആദിമസഭയുടെയും മിശിഹാനുഭവമാണ് സഭയുടെ വിശ്വാസ പാരമ്പര്യത്തിൽ എഴുതപ്പെട്ട വചനത്തിലൂടെ നമുക്ക് കൈമാറ്റം ചെയ്യപ്പെട്ടത്. തിരുസഭയാകുന്ന വൃക്ഷത്തിൽ വിടർന്ന് സുഗന്ധം പരത്തുന്ന സുന്ദരപുഷ്പമാണ് വി. ബൈബിൾ. ഈ വല്ലിയിൽ നിന്ന് അടർത്തിമാറ്റിയാൽ ആ പൂവിന് ജീവൻ നഷ്ടപ്പെടുന്നു. അതു വരണ്ടുണങ്ങുന്നു. അടർത്തിയെടുത്ത പുഷ്പം അല്പനേരത്തക്ക് അലങ്കാരത്തിനു ഉപകരിച്ചാലും പിന്നീട് മുന്തിരിവള്ളിയിൽ നിന്ന് മുറിച്ചുമാറ്റിയ ശാഖപോലെ അത് ഉണങ്ങിപ്പോകുന്നു. സഭയുടെ വിശ്വാസത്തിൻെറ വളക്കൂറുള്ള മണ്ണിൽ വിടർന്ന് വിലസുമ്പോൾ മാത്രമേ വചനമാകുന്ന പുഷ്പം ലോകത്തിനു മുഴുവൻ സൗരഭ്യവും സൗന്ദര്യവും പ്രദാനം ചെയ്യുകയുള്ളു. "വിശുദ്ധ ഗ്രന്ഥത്തിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. " ( 2 പത്രോ. 1:20) എന്ന അപ്പസ്തോല വചനം ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. അതിനാൽ രണ്ടായിരം വർഷമായി അപ്പസ്തോലിക പ്രബോധനത്തിൽ അചഞ്ചലനായി

നിന്നുകൊണ്ട് സഭ നമുക്ക് നൽകുന്ന തിരുവചനത്തെതന്നെ നമ്മുടെ പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമായി സ്വീകരിക്കാൻ നമുക്ക് സാധിക്കണം. തെറ്റായ വചന വ്യാഖ്യാനങ്ങളാൽ ആകർഷിക്കപ്പെട്ട് നമ്മുടെ ഇടവക സമൂഹങ്ങളിൽ നിന്ന് വിവിധ സെക്ടറുകളിലേക്കും ഗ്രൂപ്പുകളിലേക്കും ചേക്കേറുന്നവർ തങ്ങളുടെ തെറ്റുകൾ മനസിലാക്കി തിരികെ വരാനും സഭയുടെ കൂട്ടായ്മയിൽ ചേർന്ന് നിൽക്കാനും ഇടയാകട്ടെയെന്ന് ഈ നോമ്പ് കാലത്തു നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ച മിശിഹാ വചനത്തിന്റെ നിരന്തര ഉപാസകനായിരുന്നു. നിയമത്തെയോ പ്രവാചകന്മാരേയോ അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണ് താൻ വന്നത് എന്നരുളിചെയ്ത ഈശോ, അതിൽ ഏതെങ്കിലും ഒരു കൽപന, അതെത്ര നിസ്സാരമായിരുന്നാലും ലംഘിക്കുകയും അങ്ങനെ ചെയ്യാൻ മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റം നിസ്സാരനായി കരുതപ്പെടും (മത്താ. 5: 17-19). എന്നും, വചനാദിഷ്ഠിതമായ ജീവിതം പാറയിൽ പണിയപ്പെട്ട ഭവനം പോലെ (മത്താ. 7: 24-25) ഉറപ്പുള്ളതാണെന്നും, ദൈവ വചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് ഈശോയുടെ അമ്മയും സഹോദരന്മാരും(ലൂക്കാ. 8:21) എന്നും നാം ഈശോയെ സ്നേഹിക്കുന്നു എന്നതിന്റെ അടയാളം തന്നെ അവന്റെ വചനം പാലിക്കുന്നു എന്നാണെന്നും (യോഹ. 14:23) വ്യക്തമായി പറയുകയും തിരുവചനങ്ങളും ദൈവത്തിന്റെ ശക്തിയും ഗ്രഹിക്കാത്തതുകൊണ്ടാണ് നമ്മുക്ക് തെറ്റ് പറ്റുന്നതെന്ന് സദുക്കയരോടുള്ള സംഭാഷണത്തിൽ നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുമ്പോൾ, തിരുവചനത്തിന് നമ്മുടെ ജീവിതത്തിൽ നൽകപ്പെടേണ്ട പ്രാധാന്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടല്ലോ? തിരുവചനത്തിലൂടെ നമ്മോട് സംസാരിക്കുന്ന ദൈവത്തിന്റെ ശാന്ത മധുരമായ സ്വരം തിരിച്ചറിയാൻ തിരുസഭയിൽ നൂറ്റാണ്ടുകളായി ഫല പ്രഥമായി നിലവിലുള്ള ഒരു രീതിയാണ് ലെക്സിയോ ഡിവീന( ദൈവീക വായന). 2008 ഒക്ടോബറിൽ ദൈവ വചനത്തെപ്പറ്റി റോമിൽ നടന്ന മെത്രാന്മാരുടെ സിനഡിനെതുടർന്ന് 2010 നവംബറിൽ പരിശുദ്ധ പിതാവ് ബനഡിക്ട് 16-മൻ മാർപ്പാപ്പ പ്രസിദ്ധീകരിച്ച "ദൈവവചനം" (Verbum Domini)എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ദൈവ വചന മനനത്തിനും വചനാധിഷ്ഠിത ജീവിതത്തിനും ആധുനിക കാലഘട്ടത്തിൽ "ലക്സിയോ ഡിവീന" ക്കുള്ള പ്രാധാന്യം എടുത്ത് പറയുന്നുണ്ട്. ബൈബിൾ പഠനം എന്ന നിലക്കല്ല ലിഖിതവചനത്തിലൂടെ നമ്മുടെ ഹൃദയത്തിലേക്ക് ദൈവത്തിന് വഴി ഒരുക്കുന്ന ഒരു പ്രക്രീയയയിട്ടാണ് സഭ ഇതിനെ കാണുന്നത്. ഒറ്റയ്ക്കോ കുടുംബാംഗങ്ങളോ ചെറിയ ഗ്രൂപ്പുകളോ ഒന്നിച്ചോ , നടത്താവുന്ന ഒരു വചന വായനാ രീതിയാണിത്. നമ്മുടെ ആലോചനകളും പദ്ധതികളും മാറ്റിവച്ച്, ദൈവത്തിന് നമോട് പറയാനുള്ളത് ശ്രവിക്കാനുള്ള അവസരം. സാധാരണ നമ്മുടെ പ്രാർത്ഥനകൾ പലപ്പോഴും" ദൈവമേ, ശ്രവിച്ചാലും, നിന്റെ ദാസൻ സംസാരിക്കുന്നു" എന്ന രീതിയിലാണെങ്കിൽ ഇവിടെ അത് " ദൈവമേ, നീ സംസാരിച്ചാലും, നിന്റെ ദാസൻ ശ്രവിക്കുന്നു" എന്നാകുന്നു.

പൊതുവെ നാല് ഭാഗങ്ങളാണ് തിരുവചനത്തിന്റെ ഈ ദൈവിക വായനയ്ക്കുള്ളത്. ആദ്യമായി ചെറിയൊരു വചനഭാഗം തെരെഞ്ഞെടുത്ത് അത് നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കത്ത വിധം ശ്രദ്ധാപൂർവ്വം സാവധാനം വായിക്കുക (lectico) രണ്ടാമത്തെ ഘട്ടം ധ്യാനമാണ് (meditatio) വായിച്ച ഭാഗം അയവിറക്കുക എന്ന് പറയാം. ദൈവം ഇതിലൂടെ എന്നോട് എന്ത് പറയുന്നു എന്ന അന്വേഷണമാണിവിടെ നടക്കുക. മൂന്നാമത്തെ ഭാഗം പ്രാർത്ഥനയാണ്(oratio) നമ്മോട് സംസാരിക്കുന്ന ദൈവത്തോട് നമ്മുടെ ദൈവം സംസാരിക്കുന്നതാണിത്. നാലാമത്തെ ഘട്ടത്തിൽ നമ്മുടെ ചിന്തകളും വാക്കുകളും അപ്രസക്തമാകുകയും നമ്മുടെ ഹൃദയം ദൈവത്തിൽ വിശ്രമം കണ്ടെത്തുകയും ചെയ്യുന്നു (contemplatio). ദൈവം നമ്മുടെ ബുദ്ധിയോടും മനസിനോടും ശരീരത്തോടും (head, heart and hand) സംസാരിക്കുന്നതുവഴി ദൈവത്തെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും ദൈവത്തിന്റെ ഹിതമറിഞ്ഞ് പ്രവർത്തിക്കുവാനും നമ്മൾ പ്രാപ്തരാകുകയും ചെയ്യുന്നു. ഈ നോമ്പുകാലത്തിൽ വി. ഗ്രന്ഥത്തിന്റെ ദൈവിക വായനയിലൂടെ വചനത്തിന്റെ ആഴങ്ങളിലേക്ക് ചെല്ലാനും സങ്കീർത്തകൻ പറയുന്നതുപോലെ ദൈവവചനത്തെ നമ്മുടെ പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമാക്കി മാറ്റാനും നമുക്ക് സാധിക്കട്ടെ. ഉത്ഥിതനായ കർത്താവിനോടൊപ്പം സഞ്ചരിച്ച് വചനവാഖ്യാനം ശ്രവിച്ച് അവിടുന്ന് മുറിച്ചുകൊടുത്ത അപ്പം ഭക്ഷിച്ച എമ്മാവൂസ് ശിഷ്യന്മാരെപ്പോലെ (ലൂക്കാ. 24: 13-35) സീറോ മലബാർ സഭ പ്രാർത്ഥനാ പൂർവ്വം ആചരിക്കുന്ന ഈ പ്രേക്ഷിത വർഷത്തിനാവശ്യമായ വചന ചൈതന്യം തിരുവചനത്തിന്റെ ദൈവിക വായനയിലൂടെ ആർജ്ജിച്ചെടുത്ത് ജീവിതത്തിലൂടെ വചന പ്രഘോഷകരാകാൻ ഈ നോമ്പു കാലം നമ്മെ സജ്ജരാകട്ടെ. നമ്മെ വിശുദ്ധീകരിക്കുന്ന സത്യമാണ് ദൈവത്തിന്റെ വചനം.( യോഹ. 17:17) ആ വചനത്താൽ വിശുദ്ധീകരിക്കപ്പെട്ടവരായി നമ്മെ ദൈവം ലോകത്തിലേക്ക് അയച്ചിരിക്കുന്നു. സഹോദരങ്ങളേയും സഹ ജീവികളേയും സംസ്ക്കരങ്ങളേയും വിശുദ്ധീകരിക്കുന്ന ആഗ്നിയായി ജ്വലിച്ചുകൊണ്ട് ലോകത്തെ നിരന്തരം പ്രകാശിപ്പിക്കുവാൻ നമ്മെ ഓരോരുരുത്തരെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, പിതാവിന്റെയും പുത്രന്റെ യും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടയനടുത്ത ആശിർവാദം നൽകുന്നു.

എന്ന്
കോട്ടയം അതിരൂപത കേന്ദ്രത്തിൽ നിന്നും ഫെബ്രുവരി ഒന്നാം തിയതി
മാർ മാത്യു മൂലക്കാട്ട്

# Weekly Family Challenge
# Come…. Take the Challenge

As we enter into the 15th week of Weekly Family Challenge, we would like to thank everyone who has participated in this Quiz program. It is encouraging to see more and more people participating in it and taking it very seriously.

The purpose of this Quiz program is to make awareness among our community members, about the Bible, Knanaya History and Church History and to test our own knowledge in these and related subjects. As part of the growth and development of this program, we would like to encourage all the participants to cite the reference for all the Biblical questions. (For example, if the answer is from one of the Gospel passages, please write chapter number and words). This will help us to be more familiar with our Holy Bible. Once again we thank you for the participation and support.

## Given below are the questions for the WFC Week #15:

1. “മോസ്സാസ്” എന്ന പേരിന്റെ അർത്ഥം എന്ത്?

1. What is the meaning of the name" Moses"

2. “സുക്കേത്തോ” എന്ന് അറിയപ്പെടുന്നത് എന്ത്

2. What is known as "Zucchetto"

3.“നാളോത്ത്” എന്നാൽ എന്ത് ?

3. What is "Naloth"?

4. മാർപ്പാപ്പ സ്ഥാനത്തുനിന്ന് രാജിവച്ച ഏക മാർപ്പാപ്പ?

4. One and only Pope who has resigned in the history of Papacy

5. ക്രിസ്തു നാഥൻ അവസാനമായി കുരിശിൽ നിന്നും അരുളിച്ചെയ്ത വാക്കുകൾ “അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു”. പഴയനിയമത്തിലും ഈ വാക്യം ഉണ്ട്. ഏതു പുസ്തകത്തിൽ? എത്രാമത്തെ വാക്യം?

5. Our Lord Jesus, breathed his last, after saying "into Your hands I commend my spirit". We can find the same words, in the Old Testament. Cite the Book and the Words

## Click here to post the answer Week #15:

https://docs.google.com/spreadsheet/viewform?formkey=dDdiYWtkc2c5QkZ0MHBtb2NQZUVBaFE6MQ

# Given below are the answers for the WFC Week #14



Cardinals following the Pope to attend the Consistory

1. ഐ. എച്ച്. എസ്. എന്നൽ എന്ത്?

1.What is "I.H.S"

ANSWER: "മനുഷ്യരുടെ രക്ഷകനായ ഈശോ" എന്ന് ലത്തീൻ ഭാഷയിൽ എഴുതുമ്പോഴുള്ള മൂന്നു പദങ്ങളുടെ ആദ്യാക്ഷരങ്ങൾ ചേർന്നതാണിത്. ഈശോയെ സൂചിപ്പിക്കുവാനുള്ള പ്രതീകമായി ഇത് ചിത്രീകരിക്കറിണ്ട്.

2. "ഹോസ്തിയ" എന്ന ലത്തീൻ വാക്കാണ് മലയാളത്തിൽ ഓസ്തി എന്നായത്. ലത്തീനിൽ ഹോസ്തിയ എന്ന വാക്കിൻെറ അർത്ഥം എന്താണ്?

2. What is the meaning of the latin word "hostia"

ANSWER: ലത്തീനിൽ "ഹോസ്തിയാ" എന്ന വാക്കിന് ബലിവസ്തു, ബാലിചെയ്യപ്പെട്ട മൃഗം, ബലി എന്നൊക്കെ അർത്ഥം ഉണ്ട്. കുർബാനയ്ക്ക് ഉപയോഗിക്കുന്ന അപ്പം എന്നാണ് ക്രൈസ്തവർ "ഓസ്തി" എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇംഗ്ലീഷിൽ ഓസ്തിക്ക് "ഹോസ്റ്റ്" എന്ന് പറയാറുണ്ട്.

3.എന്താണ് കൺസിസ്റ്ററി എന്ന് പറയുന്നത്?

3. What is called "Consistory"?

ANSWER: കർദ്ദിനാലന്മാരുടെ സമ്മേളനം: മാർപ്പാപ്പയുടെ പഠനങ്ങളും നിർദ്ദേശങ്ങളും പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി അതിനെകുറിച്ച് തീരുമാനിക്കുന്നതിന് മാർപ്പാപ്പയും കർദ്ദിനാൾമാരും ഒരുമിച്ചുകൂടുന്നു. ഇതിനാണ് കൺസിസ്ട്ടറി എന്ന് പറയുന്നത്. കർദ്ദിനാളന്മാരെ തെരഞ്ഞെടുക്കുക, വിശുദ്ധരെ നാമകരണം നടത്തുക തുടങ്ങിയ കാര്യങ്ങളാണ് ഇതുപോലുള്ള സമ്മേളനങ്ങളിൽ ചർച്ച ചെയ്യുന്നത്.

4."വേന്തൻ മുടി" ഇപ്പോൾ ഏത് പള്ളിയിൽ സൂക്ഷിക്കുന്നു?

4. Now, the "Venthan Mudi" is safely kept in which Church?

ANSWER: ചുങ്കം

5. പുണ്യവാന്മാരുടെ തൊട്ടിൽ എന്നറിയപ്പെടുന്ന രാജ്യം?

5. ?Which country is known as the "Cradle of Saints"

ANSWER: ഫ്രാൻസ്